# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1029.** **11.07.2011-ൽ മറുപടിക്ക്**

## ബാലവേല

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീമതി പി. അയിഷാ പോറ്റി** | | **ശ്രീ. ഷിബു ബേബി ജോൺ**<br>**(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) ബാലവേല വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 14 വയസ്സിൽ താഴെയുള്ള കുട്ടികളുടെ ബാലവേല ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ബാലവേല സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലെ ചില കെട്ടിട നിർമ്മാണ സ്ഥലങ്ങളിൽ നിന്നും കോഴിക്കോട് ജോലികൾക്കായി വന്ന അന്യസംസ്ഥാന തൊഴിലാളികളുടെ ഇടയിൽനിന്നും ബാലതൊഴിലാളികളെന്നു സംശയിക്കുന്നവരെ കണ്ടെത്തിയെങ്കിലും വിശദമായ മെഡിക്കൽ പരിശോധനയിൽ അവർക്ക് 14നും അതിനുമേലെയും വയസ്സ് ഉണ്ടെന്ന് കണ്ടെത്തിയതിനാൽ ബാലവേല നിരോധനവും നിയന്ത്രണവും നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല. ഇവരെ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്ക് കൈമാറിയിട്ടുണ്ട്. |
| (സി) ബാലവേല തടയുന്നതിനും ഇത്തരത്തിൽ തൊഴിൽ ചെയ്യുന്നവരെ പുനരധിവസിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു? | (സി) | 1986ലെ ബാലവേല (തടയലും നിയന്ത്രണവും) നിയമമാണ് ബാലവേല തടയുന്നതിനായി തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന നിയമം. ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഡാബകൾ, വീട്ടുജോലി എന്നിവയിൽ ബാലതൊഴിലാളികളെ ഏർപ്പെടുത്തുന്നത് നിരോധിച്ചു കൊണ്ടുള്ള വിജ്ഞാപനം 10.10.2006 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ